**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3675** **27-06-2024 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യനീതി വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന ആശ്വാസ കിരണം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന ആശ്വാസ കിരണം പദ്ധതിയുടെ വിശദാംശം **അനുബന്ധം I** ആയി ചേർക്കുന്നു. |
| (ബി) | 2020-21 മുതൽ ആശ്വാസ കിരണം പദ്ധതിയിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും ജില്ലാ അടിസ്ഥാനത്തിൽ വിശദമാക്കുമോ; | (ബി) | 2020-21 മുതൽ ആശ്വാസ കിരണം പദ്ധതിയിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും **അനുബന്ധം II** ആയി ചേർക്കുന്നു. |
| (സി) | സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കി വരുന്ന വയോമിത്രം പദ്ധതി, ഓട്ടിസം ബാധിരായ കുട്ടികളുടെ പുനരധിവാസം, പ്രമേഹ ബാധിതരായ കുട്ടികൾക്കുള്ള ധനസഹായ പദ്ധതി എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ; | (സി) | സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കി വരുന്ന വയോമിത്രം പദ്ധതി, ഓട്ടിസം ബാധിരായ കുട്ടികളുടെ പുനരധിവാസം, പ്രമേഹ ബാധിതരായ കുട്ടികൾക്കുള്ള ധനസഹായ പദ്ധതി എന്നിവയുടെ വിശദാംശം **അനുബന്ധം III** ആയി ചേർക്കുന്നു. |
| (ഡി) | പ്രസ്തുത പദ്ധതികൾക്ക് 2020-21 മുതൽ അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദവിവരം ലഭ്യമാക്കുമോ? | (ഡി) | പ്രസ്തുത പദ്ധതികൾക്ക് 2020-21 മുതൽ അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദവിവരം **അനുബന്ധം IV** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം I

തീവ്രമായ ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവരെയും, 100% അന്ധത ബാധിച്ചവരെയും, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾ ബാധിച്ചവരെയും പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ രോഗങ്ങൾ കൊണ്ട് കിടപ്പിലാവുകയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായിട്ടുള്ള ആളുകളെയും പരിചരിക്കുന്നവർക്ക് പ്രതിമാസം 600/-രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം.

മാനദണ്ഡങ്ങൾ :

- കുടുംബ വാർഷിക വരുമാനം മുനിസിപ്പൽ/ കോർപ്പറേഷൻ പ്രദേശങ്ങളിൽ 22,375/- രൂപയും, പഞ്ചായത്തുകളിൽ 20,000/- രൂപയും വരെയുമുള്ളവർക്ക് അപേക്ഷിക്കാം.
- മാനസികരോഗികൾ, ഓട്ടിസം, സെറിബ്രൽപാൾസി, ബുദ്ധിമാന്ദ്യം ഇവ ബാധിച്ചവരുടെ കാര്യത്തിൽ വരുമാന പരിധി ബാധകമല്ല.
- വരുമാനം തെളിയിക്കുന്ന അറ്റസ്റ്റ് ചെയ്ത ബി.പി.എൽ റേഷൻകാർഡ്/വില്ലേജാഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് രോഗിയുടെ പേരിൽ ഹാജരാക്കണം.
- അപേക്ഷയോടൊപ്പമുള്ള നിർദ്ദിഷ്ട മാതൃകയിൽ സർക്കാർ ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കണം
- മറ്റു ക്ഷേമപെൻഷനുകൾ ലഭിക്കുന്നവർക്കും ആശ്വാസകിരണം ആനുകൂല്യം ലഭ്യമാകുന്നതാണ്.എന്നാൽ മറ്റു പെൻഷൻ ആനുകൂല്യങ്ങൾ ഒന്നും ലഭിക്കാത്തവർക്ക് മുൻഗണന നൽകുന്നതാണ്.

അപേക്ഷിക്കേണ്ട വിധം

അപേക്ഷകൾ വനിതാ ശിശു വികസന വകുപ്പിലെ സി ഡി പി ഒ, സൂപ്പർവൈസർമാർ, അംഗനവാടി വർക്കർമാർ എന്നിവരിൽ നിന്നും, സാമൂഹ്യ സുരക്ഷാമിഷന്റെ വെബ്സൈറ്റ്/ഓഫീസിൽ നിന്നും ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ സമീപമുള്ള അംഗൻ വാടികളിലോ/ വനിത ശിശുവികസന ഓഫീസിലോ നൽകാവുന്നതാണ്.

**അനുബന്ധം II**

**ആശ്വാസ കിരണം പദ്ധതിയിൽ** അനുവദിച്ച തുക

2020-21 – 98.1240 കോടി

2021- 22 – 40 കോടി

2022 -23 – 25 കോടി

2023 -24 – 15 കോടി

**ചെലവഴിച്ച തുക ജില്ലാ അടിസ്ഥാനത്തിൽ**

| ക്രമ നം. | ജില്ല | **2020-21** | **2021- 22** | **2022- 23** | **2023 -24** |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 13,88,58,143 | 5,42,40,061 | 3,68,96,400 | 1,81,97,400 |
| 2 | കൊല്ലം | 6,25,17,184 | 2,68,91,314 | 1,05,01,800 | 76,59,600 |
| 3 | പത്തനംതിട്ട | 2,46,71,115 | 1,09,44,990 | 46,87,200 | 32,99,400 |
| 4 | ആലപ്പുഴ | 6,47,58,330 | 2,95,38,810 | 1,33,66,200 | 86,89,200 |
| 5 | കോട്ടയം | 5,96,90,610 | 2,16,43,650 | 92,77,200 | 48,58,920 |
| 6 | എറണാകുളം | 6,39,94,613 | 3,24,71,303 | 1,80,88,200 | 98,90,400 |
| 7 | ഇടുക്കി | 2,07,07,943 | 87,06,600 | 25,02,000 | 17,39,400 |
| 8 | തൃശ്ശൂർ | 7,71,46,020 | 2,86,73,190 | 1,73,35,200 | 98,28,000 |
| 9 | പാലക്കാട് | 8,32,39,932 | 3,68,50,590 | 2,41,98,000 | 1,40,16,600 |
| 10 | മലപ്പുറം | 12,89,75,648 | 4,90,05,180 | 3,32,39,400 | 26,45,700 |
| 11 | കോഴിക്കോട് | 13,07,10,668 | 5,20,01,460 | 4,13,88,000 | 2,62,31,400 |

| | | | | | |
|---|---|---|---|---|---|
| 12 | കണ്ണൂർ | 8,08,54,358 | 2,89,83,150 | 2,15,53,800 | 1,45,62,600 |
| 13 | വയനാട് | 1,82,24,899 | 79,51,860 | 32,47,800 | 18,01,800 |
| 14 | കാസർഗോഡ് | 2,68,54,380 | 1,20,84,660 | 52,96,800 | 27,61,200 |
| | **ആകെ** | 98,12,03,743 | **39,99,86,818** | **24,15,78,000** | **14,99,93,520** |

**അനുബന്ധം III**

<u>വയോമിത്രം പദ്ധതി</u>

സംസ്ഥാനത്തെ നഗരപ്രദേശത്ത് വസിക്കുന്ന സാമൂഹ്യ സുരക്ഷ ആവശ്യമായ 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് മാനസിക ഉല്ലാസവും, ആരോഗ്യപരിരക്ഷയും അവരുടെ സ്ഥലങ്ങളിൽ തന്നെ ഒരുക്കുകയെന്ന ലക്ഷ്യത്തോട് കൂടി 2011– മുതൽ 'വയോമിത്രം' പദ്ധതി കേരള സാമൂഹ്യ സുരക്ഷാമിഷൻ മുഖേന സംസ്ഥാനത്ത് നടപ്പാക്കി വരുന്നു. പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന 65 വയസ്സ് കഴിഞ്ഞവർക്ക് അവരുടെ വരുമാന പരിധി ബാധകമാക്കാതെ സൗജന്യമായി ജീവിതശൈലീ രോഗനിയന്ത്രണ മരുന്നുകൾ, പാലിയേറ്റീവ് സേവനം, ഹെൽപ്പ്ഡെസ്കിൻറെ സേവനം, കൗൺസിലിംഗ് സേവനം, വാതിൽപ്പടി സേവനം എന്നിവ നൽകുന്നുണ്ട്. വയോമിത്രം ഹെൽപ്പ്ഡെസ്കിലൂടെ പുനരധിവാസം, നിയമസഹായം, ആംബുലൻസ് സേവനം, കിടപ്പിലായ വയോജനങ്ങൾക്കാവശ്യമായ സേവനങ്ങൾ എന്നിവയ്ക്കായി വയോജനങ്ങൾ ബന്ധപ്പെടുമ്പോൾ ബന്ധപ്പെട്ട വയോമിത്രം യൂണിറ്റ് നേരിട്ട് ഇടപെട്ട് ചെയ്യാൻ സാധിക്കുന്നവ നേരിട്ടും അല്ലാത്തവ ബന്ധപ്പെട്ട കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്തും ഇവർക്ക് ആവശ്യമായ സേവനം നൽകി വരുന്നു. കൂടാതെ വയോമിത്രം ഗുണഭോക്താക്കളിൽ തന്നെ ഒറ്റപ്പെടൽ അനുഭവിക്കുന്നവരും, മാനസിക സംഘർഷം അനുഭവിക്കുന്നവരുമായ വയോജനങ്ങൾക്ക് ആവശ്യമായ കൗൺസിലിംഗ് കോർഡിനേറ്റർമാർ ഡോക്ടർമാരുമായി ചേർന്ന് നൽകി വരുന്നു.

ആദ്യഘട്ടമായി കൊല്ലം, തിരുവനന്തപുരം കോർപ്പറേഷനുകളിൽ ആരംഭിച്ച വയോമിത്രം പദ്ധതി ഇപ്പോൾ സംസ്ഥാനത്തെ 91 നഗരസഭ പ്രദേശത്തും 4 ബ്ലോക്ക് പഞ്ചായത്തുകളിലും നടപ്പാക്കി വരുന്നു. കൂടാതെ വയോജനങ്ങളുടെ മാനസികോല്ലാസത്തിനായി പരിപാടികൾ, വിനോദയാത്രകൾ, വിവിധ ദിനാചരണങ്ങൾ, സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിയവയും നടപ്പിലാക്കുന്നു. ജനകീയ പങ്കാളിത്തത്തോടുകൂടി വയോമിത്രത്തെ നഗരപ്രദേശങ്ങളിലെ മുതിർന്ന പൗരന്മാരുടെ കൂട്ടായ്മയായി വളർത്താനുള്ള ശ്രമങ്ങൾ മിഷൻ നടത്തി വരുന്നു.

2022–23 സാമ്പത്തിക വർഷം മുതൽ വയോമിത്രം പദ്ധതിയിലെ വാതിൽപ്പടി സേവനം എന്ന പദ്ധതിയിലൂടെ ഡോക്ടർമാർ ഉൾപ്പെടെയുള്ള ടീം കിടപ്പ് രോഗികൾ, ഭിന്നശേഷിക്കാർ ആയിട്ടുള്ള മുതിർന്ന പൗരന്മാരുടെ വീടുകളിൽ എത്തി ചികിത്സ, മരുന്നുകൾ, പാലിയേറ്റീവ് കെയർ തുടങ്ങിയ സേവനങ്ങളും നൽകി വരുന്നു.

കൂടാതെ മലബാർ ഗ്രൂപ്പിന്റെ സഹകരണത്തോടെ ജീവിതശൈലി രോഗ നിർണ്ണയ മെഡിക്കൽ ക്യാമ്പുകൾ തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ 2015 മുതൽ നടപ്പാക്കി വരുന്നു. പ്രസ്തുത പദ്ധതിയിലൂടെ ബി.പി, കൊളസ്ട്രോൾ, ഷുഗർ എന്നിവയുടെ മെഷീൻ ടെസ്റ്റുകളും, യൂറിൻ (ഷുഗർ, ആൽബുമിൻ) ഇ.എസ്.ആർ ഒഴികെയുള്ള ബ്ലഡ് കൗണ്ട് ടെസ്റ്റുകളും, കിഡ്നി ഫംഗ്ഷൻ ടെസ്റ്റുകളും, ഇ.സി.ജി എന്നിവയും, ബിലിറൂബിൻ ഹെപ്പറ്റൈറ്റിസ് ബി എന്നീ ടെസ്റ്റുകളും സൗജന്യമായി നടപ്പാക്കി വരുന്നു. 2015 മുതൽ രണ്ട് ജില്ലകളിലായി ഏകദേശം 2000 ത്തിനു മേൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ഒന്നര ലക്ഷത്തിനു മേൽ ഗുണഭോക്താക്കൾക്ക് പരിശോധനകളും നടത്തിയിട്ടുണ്ട്.

ഇത് കൂടാതെ കേരള സമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്ന ഡിമൻഷ്യ/അൽഷിമേഴ്സ് മെമ്മറി സ്ക്രീനിംഗ് ക്ലിനിക്ക് എന്ന ഒരു പുതിയ പദ്ധതിയിലൂടെ വയോമിത്രം പദ്ധതി ഗുണഭോക്താക്കൾ ആയിട്ടുള്ള വയോജനങ്ങൾക്കിടയിൽ നിന്നും ഡിമൻഷ്യ/അൽ ഷിമേഴ്സ് ബാധിതരെ കണ്ടെത്തി ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനും പരിചരണം നൽ കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്.

**II) ഓട്ടിസം ബാധിരായ കുട്ടികൾക്കുവേണ്ടി നടപ്പാക്കിവരുന്ന പദ്ധതികൾ** ചുവടെ ചേർക്കുന്നു.

**1 ഓട്ടിസം സെന്ററുകൾ**

ഓട്ടിസമുള്ള കുട്ടികൾക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി ഗവ.മെഡിക്കൽ കോളേജുകളിലും, കോഴിക്കോട് ഇംഹാൻസിലും ഓട്ടിസം സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ സെന്ററിലൂടെ ഓട്ടിസം സ്ക്രീനിംഗ്, വിവിധ തെറാപ്പികൾ, പരിശീലനങ്ങൾ, കൗൺസിലിംഗ്, വൈദ്യസേവനങ്ങൾ എന്നിവ ലഭ്യമാക്കുന്നു. പീഡിയാട്രീഷൻ, ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപ്പിസ്റ്റ്, ഡവലപ്മെന്റൽ തെറാപ്പിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, ഒക്യുപേഷണൽ തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, സോഷ്യൽ വർക്കർ തുടങ്ങിയവരുടെ സേവനം ഈ സെന്ററുകളിലൂടെ ലഭ്യമാണ്.

**2. റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ**

ആധുനികവും ശാസ്ത്രീയവും ആയ സംവിധാനങ്ങൾ ഉപയോഗിച്ച് ഓട്ടിസം മേഖലയിൽ പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നതിനും, ഓട്ടിസം മേഖലയിലെ പഠന ഗവേഷണങ്ങൾ നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിൽ ആധുനിക സംവിധാനങ്ങളോട് കൂടിയ റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. ഓട്ടിസം പരിപാലനവുമായി ബന്ധപ്പെട്ട്, ഓട്ടിസം സ്കൂൾ, ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ചുള്ള തെറാപ്പികൾ, പരിശീലനങ്ങൾ എന്നിവ ഈ കേന്ദ്രങ്ങളിലൂടെ നൽകി വരുന്നു.

**3.ചൈൽഡ് ഡവലപ്മെന്റ് ആന്റ് റിസർച്ച് സെന്റർ**

ഓട്ടിസം സംശയിക്കുന്ന മൂന്ന് വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്ക് ആധുനികവും ശാസ്ത്രീയവും ആയ ഇടപെടലുകളിലൂടെയുള്ള പുനരധിവാസ പ്രവർത്തനങ്ങൾ പ്രത്യേകമായി ലഭ്യമാക്കുന്നതിനും, ഓട്ടിസം മേഖലയിലെ പഠന ഗവേഷണങ്ങൾ നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിൽ ആധുനിക സംവിധാനങ്ങളോട്ടു കൂടിയ ചൈൽഡ് ഡവലപ്പ്മെന്റ് ആന്റ് റിസർച്ച് സെന്റർ പ്രവർത്തിച്ച് വരുന്നു.

**III) പ്രമേഹ ബാധിതരായ കുട്ടികൾക്കുള്ള ധനസഹായ പദ്ധതി (മിഠായി)**

സാമൂഹ്യ നീതി വകുപ്പ്, കേരള സാമൂഹ്യ സുരക്ഷ മിഷൻ വഴി ടൈപ്പ്-1 പ്രമേഹരോഗം ബാധിച്ച 18 വയസ്സ് വരെയുള്ള കുട്ടികൾക്കും കൗമാരക്കാർക്കും പരിചരണം നല്കുന്നതിന് ആരംഭിച്ച സമഗ്ര സാമൂഹികാധിഷ്ഠിത പദ്ധതിയാണ് മിഠായി.മിഠായി പദ്ധതിയിൽ കുട്ടികൾക്ക് നല്കുന്നത് വേദനയില്ലാത്തതും എളുപ്പം ഉപയോഗിക്കാൻ പറ്റുന്നതുമായ ആധുനിക പെൻ ഇൻസുലിനാണ്. ഇതുവരെ 1730-ൽ അധികം കുട്ടികൾക്ക് ഈ പദ്ധതികൈത്താങ്ങായിട്ടുണ്ട്.ടൈപ്പ്-1 പ്രമേഹരോഗം ബാധിച്ചവർക്ക് ഇൻസുലിൻ പെൻ , പെൻ നീഡിൽ, ഗ്ലൂക്കോമീറ്റർ സ്ട്രിപ്പ്, ലാൻ സൈറ്റ് , കണ്ടിന്യൂസ് ഗ്ലൂക്കോസ് മോണിറ്ററിംഗ് സെൻസർ, ഇൻസുലിൻ പമ്പ് തുടങ്ങിയവ ഉപയോഗിച്ചുള്ള ആധുനിക ചികിത്സയും, ആരോഗ്യ ചികിത്സ, ഭക്ഷണകാര്യ ഉപദേശങ്ങളും

പരിരക്ഷയും നല്കി വരുന്നു. കുട്ടികൾക്ക് കൗൺസിലിംഗും മാതാപിതാക്കൾക്ക് പരിശീലനവും മറ്റ് സാമൂഹ്യ സുരക്ഷ സംവിധാനങ്ങളും ഉൾപ്പെടെ ആറ് ഘട്ടങ്ങൾ ഉൾപ്പെട്ട ഒരു ബൃഹത് പദ്ധതിയാണിത്. പ്രത്യേക സോഫ്റ്റ് വെയർ (www.mittayi.org) വഴിയാണ് രജിസ്ട്രേഷനും തുടർനടപടികളും സ്വീകരിച്ചു വരുന്നത്.സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പദ്ധതിയുടെ സേവനം നല്കി വരുന്നു.

# അനുബന്ധം IV

I.വയോമിത്രം പദ്ധതി

| സാമ്പത്തിക വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| 2020-21 | 4700.10 ലക്ഷം | 4604.66 ലക്ഷം |
| 2021-22 | 4708.60 ലക്ഷം | 4707.25 ലക്ഷം |
| 2022-23 | 2365 ലക്ഷം | 2364.92 ലക്ഷം |
| 2023-24 | 2750 ലക്ഷം | 1975.55 ലക്ഷം |

2.സ്റ്റേറ്റ് ഇനിഷ്യേറ്റിവ് ഓൺ ഡിസബിലിറ്റിസ് മുഖേന ഓട്ടിസം ബാധിരായ കുട്ടികളുടെ പുനരധിവാസം പദ്ധതിക്കായി അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| **സാമ്പത്തിക വർഷം** | **അനുവദിച്ചതുക** | **ചെലവഴിച്ചതുക** |
|---|---|---|
| 2020-2021 | 400 ലക്ഷം | 237.36 ലക്ഷം |
| 2021-2022 | 400 ലക്ഷം | 300.11 ലക്ഷം |
| 2022-2023 | 400 ലക്ഷം | 227.61 ലക്ഷം |
| 2023-2024 | 400 ലക്ഷം | 217.52 ലക്ഷം |

3. **പ്രമേഹ ബാധിതരായ കുട്ടികൾക്കുള്ള ചികിത്സധനസഹായ പദ്ധതി** (മിഠായി പദ്ധതി)

| **ക്രമ നമ്പർ** | **സാമ്പത്തിക വർഷം** | **ലഭ്യമായ തുക** | **ചെലവഴിച്ച തുക** |
|---|---|---|---|
| 1 | 2020-2021 | 3,80,00,000 | 3,21,90,423/- |
| 2 | 2021-2022 | 3,80,00,000 | 2,05, 42,236/- |
| 3 | 2022-2023 | 3,80,00,000 | 3,78,00,645/- |
| 4 | 2023-2024 | 3,80,00,000 | 2,46,99,918/- |

2023-24 സാമ്പത്തിക വർഷത്തിൽ 380 ലക്ഷത്തിന്റെ ഭരണാനുമതി ലഭിച്ചിരുന്നെങ്കിലും 2,47,00,000/- രൂപയാണ് ലഭ്യമാക്കിയിരുന്നത്. ആയതിൽ 2,46,99,918/- രൂപ ചെലവഴിച്ചിട്ടുമുണ്ട്.